# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 നവംബർ 30, തിങ്കൾ

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2015 നവംബർ മാസം 30-ാം തീയതി തിങ്കളാഴ്ച രാവിലെ 08.30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ ബാർകോഴക്കേസിൽ കുറ്റാരോപിതനായ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിക്കുകയും ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു.)

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അവതരിപ്പിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1 (*1) സാഗരമാല പദ്ധതി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, കേന്ദ്രഷിപ്പിംഗ് മന്ത്രാലയം നടപ്പാക്കുന്ന സാഗരമാല പദ്ധതി പ്രാരംഭഘട്ടത്തിലാണെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അഴീക്കൽ, ബേപ്പൂർ, പൊന്നാനി, കൊടുങ്ങല്ലൂർ, കൊല്ലം, വിഴിഞ്ഞം തുടങ്ങിയ തുറമുഖങ്ങളെ വികസിപ്പിക്കുന്നതിനുവേണ്ടി 266 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ രൂപരേഖയും ചെറുകിട തുറമുഖ വികസനത്തിനുവേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളും ഏകീകരിച്ച് സാഗരമാല പദ്ധതിക്ക് ഉതകുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യവികസനത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചുവരികയാണ്. മെസ്സേഴ്സ് ഡിലോയിറ്റ് തയ്യാറാക്കിയ ബിസിനസ് പ്ലാനിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തെ റെയിൽ ശൃംഖലയുമായി ബന്ധപ്പെടുത്തുന്ന റെയിൽപ്പാതയും പദ്ധതി പ്രദേശത്തെ

സാമൂഹിക വികസനവും ജീവനോപാധി മെച്ചപ്പെടുത്തലും സാഗരമാല പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന്റെ അംഗീകാരവും ധനസഹായവും ലഭ്യമാക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കാൻ വി.ഐ.എസ്.എൽ. ബോർഡ് തീരുമാനിച്ചിട്ടുണ്ടെന്നും മറ്റ് നോൺ മേജർ തുറമുഖങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കാനായി കൺസൾട്ടന്റിനെ നിയമിക്കാൻ പോർട്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി 30-09-2014-ന് കേന്ദ്രസർക്കാർ വിളിച്ചുചേർത്ത യോഗത്തിൽ തുറമുഖ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും അന്തിമ പദ്ധതി രേഖയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചർച്ചകളിൽ പ്രിൻസിപ്പൽ സെക്രട്ടറിയും പങ്കെടുക്കുകയുണ്ടായി. കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം 2015 ജൂലൈ മാസം തിരുവനന്തപുരത്ത് ഒരു സ്റ്റേക് ഹോൾഡർ മീറ്റിംഗ് സംഘടിപ്പിക്കുകയുണ്ടായി. സാഗരമാല പദ്ധതി നടത്തിപ്പിനായി ഇൻഡ്യയുടെ

തീരദേശത്തെ ആറ് കോസ്റ്റൽ എക്കണോമിക് ക്ലസ്റ്ററുകളായി തിരിച്ചിട്ടുണ്ട്. കൊച്ചി തുറമുഖത്തിനു ചുറ്റുമുള്ള ചെറുകിട തുറമുഖങ്ങളുടെ ക്ലസ്റ്ററിലാണ് കേരളം ഉൾപ്പെട്ടിട്ടുള്ളത്. തീരദേശ ചരക്കു ഗതാഗതത്തിന് അത്യന്താപേക്ഷിതമായ Dedicated Coastal Berth, PPP Model-ൽ നിർമ്മിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെന്നും തുറമുഖ വികസനത്തിനാവശ്യമായ ഘടകങ്ങൾ, ഫണ്ടിംഗ് നടപ്പിലാക്കുന്ന രീതി, കേന്ദ്രസർക്കാരിൽ നിന്നാവശ്യമായ സഹായങ്ങൾ എന്നിവ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. ലോകോത്തര നിലവാരത്തിലുള്ളതും ആധുനിക രീതിയിലുമുള്ളതുമായ തുറമുഖങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രസ്തുത പദ്ധതി ഏകീകരിക്കപ്പെട്ടതും അതാത് പ്രദേശത്തിന്റെ സാമൂഹിക/സാമ്പത്തിക/പാരിസ്ഥിതിക പശ്ചാത്തലത്തിന് ഊന്നൽ നൽകുന്ന രീതിയിലുമാണ് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളതെന്നും റോഡ്,

റെയിൽ, അന്തർസംസ്ഥാന നദീജല പാതകൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിലൂടെ ചരക്കുഗതാഗത ചെലവ് കുറയുമെന്നും മന്ത്രി വ്യക്തമാക്കി. അഴീക്കൽ തുറമുഖത്തിന്റെ ഡ്രാഫ്റ്റ് ആറ് മീറ്ററാക്കി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും 50 കോടി രൂപയുടെ പദ്ധതി സാഗരമാല പദ്ധതിപ്രകാരം സമർപ്പിച്ചിട്ടുണ്ടെന്നും റിട്ടേൺ കാർഗോയ്ക്കായി കപ്പലുകൾക്ക് സഹായം നൽകുന്ന കാര്യം ആലോചിച്ചുവരികയാണെന്നും കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനത്തിനായി 46 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും തീരദേശ കപ്പൽ ഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട് ചരക്കുഗതാഗതത്തിന് അനുവദിച്ചിരുന്ന സബ്സിഡി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

2(*2) ട്രാഫിക് കുറ്റകൃത്യങ്ങൾക്ക് ലൈസൻസ് സസ്പെൻഷൻ

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, മദ്യപിച്ചും മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടും വാഹനം ഓടിക്കുക, സിഗ്നൽ അവഗണിക്കുക തുടങ്ങിയ ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ മോട്ടാർ വാഹന നിയമ

പ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ലേണേഴ്സ് ലൈസൻസ് നൽകുന്നതിന് മുമ്പ് ഗതാഗത നിയമങ്ങൾ സംബന്ധിച്ച പരിശീലന ക്ലാസുകളും കൗൺസലിംഗും നൽകുന്നുണ്ട്. റോഡ് സുരക്ഷാ സമിതിയുടെ ശിപാർശകൾ കർശനമായി പാലിക്കാൻ മോട്ടാർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും 1989-ലെ കേരള മോട്ടാർ വാഹന ചട്ടത്തിൽ ചട്ടം 347(എ) ഉൾപ്പെടുത്തി ഇരുചക്ര വാഹനത്തിന്റെ പിൻസീറ്റ് യാത്രക്കാർ ഹെൽമറ്റ് ധരിക്കണമെന്ന വ്യവസ്ഥയിൽ സർക്കാർ ഇളവ് വരുത്തിയതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസിൽ എതിർസത്യവാങ്മൂലം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പൊതുബോധവത്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെന്നും സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് സമഗ്ര കാമ്പയിൻ സംഘടിപ്പിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. വ്യാജ ഡ്രൈവിംഗ് ലൈസൻസുകളുടെ പരിശോധന കർക്കശമാക്കിയിട്ടുണ്ടെന്നും അപകടസാദ്ധ്യത മേഖലകളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണെന്നും വാഹനങ്ങളിൽ സ്പീഡ് ബ്രേക്കർ സ്ഥാപിക്കുന്നതും ട്രാഫിക് ബോധവത്കരണം സിലബസിൽ ഉൾപ്പെടുത്തുന്നതും സംബന്ധിച്ച് പരിശോധിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

3(*3) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുന്നതിനുവേണ്ടി പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കി വരികയാണെന്ന് സഭയെ അറിയിച്ചു. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നെടുത്തിട്ടുള്ള വായ്പകൾ മറ്റ് പൊതുമേഖല/വാണിജ്യ ബാങ്കുകളിലേയ്ക്ക് മാറ്റുന്നതിന് ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി ചുമതലപ്പെടുത്തിയ M/s SBI CAPITAL MARKETS Ltd. എന്ന സ്ഥാപനം Financial Information Memorandum തയ്യാറാക്കി നൽകിയതിൻപ്രകാരം 10 ബാങ്കുകൾ ചേർന്ന് 1,300 കോടി രൂപ അനുവദിച്ച് നൽകാമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നും ഇതിലൂടെ പ്രതിമാസ വായ്പാ തിരിച്ചടവ് ഇനത്തിൽ 35 കോടിയോളം രൂപ ലാഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. 2015 ഏപ്രിൽ മുതൽ പെൻഷൻ ഫണ്ട് രൂപീകരിച്ച് പ്രതിമാസം കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്നതിന് തുല്യമായ (20 കോടി രൂപയിൽ അധികരിക്കാത്ത) തുക സർക്കാർ നോൺ-പ്ലാൻ വിഹിതമായി അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും നവംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തുകഴിഞ്ഞുവെന്നും മന്ത്രി വ്യക്തമാക്കി.

പെൻഷൻ ഫണ്ടിലേയ്ക്കുള്ള കോർപ്പറേഷന്റെ വിഹിതം കണ്ടെത്തുന്നതിന് യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 15 രൂപയിൽക്കൂടുതലുള്ള ടിക്കറ്റിൽ യാത്ര ചെയ്യുന്നവരിൽനിന്നും നിശ്ചിത സ്ലാബ് നിരക്കിൽ 2015 ഏപ്രിൽ 1 മുതൽ Social Security Cess ഈടാക്കുന്നതിന് അനുമതി നൽകി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഇതുവഴി പ്രതിമാസം കെ.എസ്.ആർ.ടി.സി.ക്ക് 6 കോടിയിൽപ്പരം രൂപ അധികമായി ലഭ്യമാകുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. 2008-09 മുതൽ 2013-14 വരെ സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച വായ്പാ തുകയായ 1090.75 കോടി രൂപ സർക്കാരിന്റെ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിമൂല്യം പുനർ നിർണ്ണയിച്ചതുവഴി കെ.എസ്.ആർ.ടി.സി.യുടെ വിപണിമൂല്യം ഗണ്യമായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. വരുമാനം കുറഞ്ഞ 1900 സർവ്വീസുകൾ പുന:ക്രമീകരിച്ച് ലാഭകരമാക്കി മാറ്റിയിട്ടുണ്ടെന്നും സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി വരുമാനം വർദ്ധിപ്പിച്ച് വരികയാണെന്നും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൊറിയർ/പാർസൽ സർവ്വീസുകൾ M/s TRACKON Courier (P) Ltd. എന്ന സ്ഥാപനവുമായി സഹകരിച്ച് ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഓൺലൈൻ റിസർവേഷൻ സിസ്റ്റം കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. കൂടുതൽ അന്തർ

സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനായി തമിഴ്നാട്, കർണ്ണാടക, ആന്ധ്രാ പ്രദേശ്, തെലുങ്കാന, ഗോവ എന്നീ സംസ്ഥാനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും ബസ് സ്റ്റേഷനുകളിൽ എ.ടി.എം. കൗണ്ടറുകൾ, ഇൻഡ്യൻ കോഫീ ഹൗസിന്റെ ഔട്ട്ലെറ്റുകൾ എന്നിവ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗതിയിലാണെന്നും അങ്കമാലിയിലും തിരുവനന്തപുരം സെൻട്രലിലും ഇൻഡ്യൻ കോഫീ ഹൗസിന്റെ ശാഖ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പ്രതിമാസം 105 കോടി രൂപ റണ്ണിംഗ് ലോസുണ്ടാകുന്നുണ്ടെന്നും ജീവനക്കാരുടെ സഹകരണത്തോടെ കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുകയാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 367 വരെയുള്ള ചോദ്യങ്ങളിൽ 153 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)